# കോട്ടം ഈസ്റ്റ് എൽ പി സ്കൂൾ

കോട്ടം ഈസ്റ്റ് എൽ പി സ്കൂൾ

തമസോമാ ജ്യോതിർഗമയ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# കോട്ടം ഈസ്റ്റ് എൽ പി സ്കൂൾ


(പി ഒ ) മുണ്ടല്ലൂർ, കണ്ണൂർ, 670622

കണ്ണൂർ സൗത്ത് ഉപജില്ല, കണ്ണൂർ ജില്ല

Email: eastlpskottam@gmail.com

Phone: 9656596719(HM)


# അക്കാദമിക മാസ്റ്റർ പ്ലാൻ

[redacted]

# ആമുഖം

അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കോട്ടം ഈസ്റ്റ് എൽ പി സ്കൂളിൽ വിവിധങ്ങളായ പ്രവർത്തനങ്ങളാണ് വരും വർഷങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നത്. പഠനം അനുഭവമാക്കുക എന്ന ലക്ഷ്യത്തോടെ തന്റെ ചുറ്റുപാടിനെ അറിഞ്ഞു പഠിക്കാനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. തന്റെ ജീവിതവുമായി ബന്ധപ്പെടുന്ന അറിഞ്ഞോ അറിയാതെയോ നാം വിസ്മരിക്കുന്ന പലതും കുട്ടികൾ ഏറ്റെടുത്തു ചെയ്താൽ ഇവർ ഭാവിയുടെ വാഗ്ദാനങ്ങളായി മാറും എന്ന കാര്യത്തിൽ തർക്കമില്ല. അക്കാദമിക മികവിന് ഊന്നൽ നൽകി കൊണ്ട് ഇന്ന് എന്ത്.... നാളെ എങ്ങനെ.... എന്നീ കാര്യങ്ങൾ ദീർഘവീക്ഷണത്തിൽ കണ്ടു കൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

# സ്കൂളിന്റെ ചരിത്രം

പെരളശ്ശേരി പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ കോട്ടം പ്രദേശത്താണ് കോട്ടം ഈസ്റ്റ് എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. മക്രേരി വില്ലേജിലാണ് ഈ സ്ഥലം ഉൾപ്പെടുന്നത്. അക്കാലത്തെ പ്രശസ്ത ഗുരുക്കന്മാരായിരുന്ന കൊല്ലനാണ്ടി കൃഷ്ണൻ ഗുരുക്കൾ, ആയാടത്തിൽ കണ്ടൻ ഗുരുക്കൾ എന്നിവർ ചേർന്ന് 1916 ലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 20 വർഷത്തോളം രണ്ടുപേരും ഇവിടുത്തെ അധ്യാപകനായിരുന്നു. കോട്ടം പ്രദേശത്തെ ജനങ്ങളെ എഴുത്തും വായനയും പഠിപ്പിക്കുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. 1950ൽ ശ്രീ: കൃഷ്ണൻ ഗുരുക്കൾ മാനേജ്മെന്റ് കറസ്പോണ്ടൻറ് സ്ഥാനങ്ങൾ മരുമകനും ഇതേ സ്കൂളിലെ അധ്യാപകരുമായ കണ്ടൻ ഗുരുക്കൾ, രാമു മാസ്റ്റർ എന്നിവർക്ക് സ്കൂൾ അവകാശങ്ങൾ ഏല്പിച്ചുകൊടുത്തു. മാനേജ്മന്റ് കറസ്പോണ്ടൻറെ സ്ഥാനങ്ങൾ കൊല്ലാനാണ്ടി നാണുമാസ്റ്റർ ആയിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഭാര്യ ശ്രീമതി: പി എം ലക്ഷ്മി ആയിരുന്നു പിന്നീട് മാനേജർ. അവരുടെ മരണശേഷം മകൾ കാഞ്ചനമാലയാണ് ഇപ്പോഴത്തെ മാനേജർ. പ്രഗത്ഭരായ പല അധ്യാപകരും ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ആയാടത്തിൽ കണ്ടൻ ഗുരുക്കൾ, കൊല്ലാനാണ്ടി കൃഷ്ണൻ ഗുരുക്കൾ, പി. ബാപ്പുട്ടി മാസ്റ്റർ, ആയാടത്തിൽ വാസു മാസ്റ്റർ, എൻ.പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, കൊല്ലാനാണ്ടി നാണു മാസ്റ്റർ, എൻ. രാമുമാസ്റ്റർ, നീലകണ്ഠപൊതുവാൾ മാസ്റ്റർ, കെ. സതി ടീച്ചർ, പി. ശാരദ ടീച്ചർ, എം.കാഞ്ചനമാല ടീച്ചർ, പി.വാസു മാസ്റ്റർ, എൻ.കെ. സ്നേഹപ്രഭ ടീച്ചർ, സി.വി.അനിത ടീച്ചർ ഇവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.

## അധ്യാപകരുടെ എണ്ണം

നാല്ല അധ്യാപകരാണ് ഞങ്ങളുടെ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നത്. ഒരു അധ്യാപകനും പ്രധാനാധ്യാപിക ഉൾപ്പെടെ മൂന്ന് അധ്യാപികമാരും ഇവിടെ ജോലി ചെയ്യുന്നു.

മുൻവർഷങ്ങളിൽ ലഭിച്ച മാനേജ്മെന്റ് കോഴ്സുകൾ അധ്യാപകർക്ക് വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. അതോടൊപ്പം നിരന്തര മൂല്യനിർണ്ണയവും ഭംഗിയായി നടത്തുന്നു. റിഫ്ലക്ഷൻ പേജുകൾ കൃത്യമായി രേഖപ്പെടുത്തി കുട്ടികളുടെ നിലനിർണ്ണയം എളുപ്പമാക്കുന്നു. കലാകായിക ശാസ്ത്ര മേളകളിൽ മേളകളിൽ മികച്ച പരിശീലനം നൽകി കുട്ടികളെ മികച്ച നേട്ടം കൈവരിക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട് .

## വിദ്യാലയം പൊതു വിശകലനം

1916ൽ കുടിപള്ളിക്കൂടമായി ആരംഭിച്ചതാണ് ഈ വിദ്യാലയം സാമ്പത്തികപരമായും സാംസ്കാരികപരമായും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമായിരുന്നു കോട്ടം. ഭൂരിഭാഗവും ബീഡിത്തൊഴിലാളികളും കയർത്തൊഴിലാളികളും ആയിരുന്നു. രക്ഷിതാക്കൾ. അവരെ എഴുത്തും വായനയും പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഈ വിദ്യാലയത്തിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസം നേടിയ ഒട്ടനവധി പേര് വ്യത്യസ്തമായ

## അധ്യാപകരുടെ എണ്ണം

നാല്പ അധ്യാപകരാണ് ഞങ്ങളുടെ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നത്. ഒരു അധ്യാപകനും പ്രധാനാധ്യാപിക ഉൾപ്പെടെ മൂന്ന് അധ്യാപികമാരും ഇവിടെ ജോലി ചെയ്യുന്നു.

മുൻവർഷങ്ങളിൽ ലഭിച്ച മാനേജ്മെന്റ് കോഴ്സുകൾ അധ്യാപകർക്ക് വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. അതോടൊപ്പം നിരന്തര മൂല്യനിർണ്ണയവും ഭംഗിയായി നടത്തുന്നു. റിഫ്ലക്ഷൻ പേജുകൾ കൃത്യമായി രേഖപ്പെടുത്തി കുട്ടികളുടെ നിലനിർണ്ണയം എളുപ്പമാക്കുന്നു. കലാകായിക ശാസ്ത്ര മേളകളിൽ മേളകളിൽ മികച്ച പരിശീലനം നൽകി കുട്ടികളെ മികച്ച നേട്ടം കൈവരിക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട് .

## വിദ്യാലയം പൊതു വിശകലനം

1916ൽ കുടിപള്ളിക്കൂടമായി ആരംഭിച്ചതാണ് ഈ വിദ്യാലയം സാമ്പത്തികപരമായും സാംസ്കാരികപരമായും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമായിരുന്നു കോട്ടം. ഭൂരിഭാഗവും ബീഡിത്തൊഴിലാളികളും കയർത്തൊഴിലാളികളും ആയിരുന്നു. രക്ഷിതാക്കൾ. അവരെ എഴുത്തും വായനയും പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഈ വിദ്യാലയത്തിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസം നേടിയ ഒട്ടനവധി പേര് വ്യത്യസ്തമായ

മേഖലകളിൽ സേവനമനുഷ്ഠിക്കുന്നു. പെരളശ്ശേരി പഞ്ചായത്തിൽ തന്നെ ഏറ്റവും കൂടുതൽ പേർ സർവീസ് രംഗത്തുള്ളത് കോട്ടം പ്രദേശത്താണ്. ഇന്ന് ഭൂരിഭാഗവും അഭ്യസ്തവിദ്യരും സാമ്പത്തികമായി മുന്നോക്കം നിക്കുന്നവരുമാണ്.

## വിദ്യാലയത്തിലെ ഭൗതീകാന്തരീക്ഷം

### നിലവിലെ അവസ്ഥ

കെട്ടുറപ്പുള്ള ഓടുമേഞ്ഞ കെട്ടിടം സ്കൂളിനുണ്ട്. നാലു ക്ലാസ് മുറികൾ പ്രവർത്തിക്കാൻ തക്ക സൗകര്യം ഈ കെട്ടിടത്തിനുണ്ട്. എങ്കിലും LKG,UKG ക്ലാസുകൾ കൂടി പ്രവർത്തിക്കുന്നതിനാൽ പ്രയാസം നേരിടുന്നു. 2009ൽ മാനേജർ സ്കൂൾ കെട്ടിടം വൈദ്യുതികരിച്ചു. കുടിവെള്ള സൗകര്യത്തിനായി സ്കൂളിൽ സ്വന്തമായി കിണർ ഉണ്ട്. പി ടി എ യുടെ സഹായത്തോടെ മോട്ടോറും ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. 2000ത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു യൂറിനൽ, ഒരു ടോയ്‌ലറ്റ് എന്നിവ സ്കൂളിനുണ്ട്. 2015ൽ പെരളശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ വക ഒരു വാട്ടർ പ്യൂരിഫൈർ സ്കൂളിന് ലഭിച്ചിട്ടുണ്ട്. 2017ൽ ലയൺസ് ക്ലബ്ബും ഒരു വാട്ടർ പ്യൂരിഫൈർ സ്കൂളിന് നൽകിയിട്ടുണ്ട് സർക്കാർ ഫണ്ടിൽ നിന്നും 2015-16ൽ കൂടുതൽ സൗകര്യമുള്ള പാചകപ്പുര നിർമ്മിച്ചു. അതോടൊപ്പം ഒരു സ്മാർട്ട് ക്ലാസ് റൂമിന്റെ പണി നടന്നു വരുന്നു.

ഇന്ന് പ്രധാനാധ്യാപിക ബീന.എം, ശ്രീമതി.കെ.പ്രജിഷ , ശ്രീ.പ്രവീൺ.സി, ശ്രീമതി.ജസ്ന.എം.സി എന്നിവർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു. പഠനരംഗത്തെ പോലെ പഠ്യേതര രംഗത്തും മികവ് പുലർത്താൻ ഈ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്.

## നിലവിലുള്ള അവസ്ഥ

രക്ഷിതാക്കളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിത താല്പര്യം മൂലം കഴിഞ്ഞ കുറച്ച വർഷങ്ങളായി കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. അക്കാദമികവർഷം ഒന്ന് മുതൽ നാലു വരെ ക്ലാസ്സുകളിലായി നാൽപത്തിയൊന്ന് കുട്ടികളാണ് ഉണ്ടായിരുന്നത്. ആ വർഷം ഒന്നാം ക്ലാസ്സിൽ പന്ത്രണ്ട് കുട്ടികൾ പ്രവേശനം നേടിയിരുന്നു. 2017-18 വർഷത്തെ കുട്ടികളുടെ എണ്ണം നാല്പത് ആണ്. ഒന്ന് മുതൽ നാലു വരെ ക്ലാസ്സുകളിലായി നാലു മുസ്‌ലിം കുട്ടികൾ ഇവിടെ പഠിക്കുന്നു. കുട്ടികൾ കുറഞ്ഞു വരുന്നത് ഞങ്ങൾ ഭീതിയോടെ കാണുന്നു. പി.ടി എ യുടെയും നാട്ടുകാരുടെയും സഹായത്തോടെ ഇതിനു പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു

# പഠന പഠ്യേതര നേട്ടങ്ങൾ

- അക്ഷരമുറ്റം ക്വിസ്, കാർഷിക ക്വിസ്, സബ്ജില്ലാ തല ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര- ഗണിത ശാസ്ത്ര ക്വിസ്, വിവിധ സംഘടനകൾ നടത്തുന്ന ക്വിസ് എന്നിവയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മെഗാ ക്വിസ് പ്രോഗ്രാം, കുട്ടി ക്വിസ് എന്നി പദ്ധതികൾ ഈ നേട്ടങ്ങൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.
- 2016-17ൽ സബ് ജില്ലയിലെ രണ്ടു LSS ജേതാക്കൾ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർഥികൾ ആയിരുന്നു.
- വിദ്യാരംഗം കഥാരചനയിൽ ജേതാവാവാൻ നമ്മുടെ വിദ്യാലയത്തിലെ കുട്ടിക്ക് കഴിഞ്ഞു.
- ശാസ്ത്ര മേളയിൽ പങ്കെടുത്ത എല്ലാ ഇനങ്ങളിലും എ ഗ്രേഡ് നേടാൻ സാധിക്കുകയും പരീക്ഷണം, സ്റ്റിൽ മോഡൽ എന്നിവയ്ക്ക് സബ് ജില്ലയിൽ ഒന്നാം സ്ഥാനവും ജില്ലയിൽ എ ഗ്രേഡും കരസ്ഥമാക്കാൻ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് സാധിച്ചു.
- കലാമേളയിൽ വർഷങ്ങളായി ആദ്യ അഞ്ചു സ്ഥാനങ്ങളിൽ ഇടം പിടിക്കാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞു.
- മാതൃഭൂമിയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന സീഡ് പദ്ധതിയിൽ കഴിഞ്ഞ വർഷം എൽ പി വിഭാഗത്തിൽ പ്രത്യേക

പുരസ്കാരം നേടാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. അതുപോലെ മലയാള മനോരമയുടെ നല്ലപാഠം പദ്ധതിയിൽ പ്രോത്സാഹന സമ്മാനവും ലഭിച്ചു.

❖ ഗുണമേന്മയുള്ള വിദ്യാഭ്യാസംലക്ഷ്യം വെച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയായ മികവ് 2017 പ്രദർശന മത്സരത്തിൽ ബ്ലോക്ക് തലത്തിൽ ഒന്നാം സ്ഥാനം നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു.

❖ 2016-17വർഷത്തിൽ 20കുട്ടികൾക്ക് ഞങ്ങളുടെ സ്കൂളിൽ നിന്നും PCM സ്കോളർഷിപ് ലഭിച്ചു.

❖ പഠന നേട്ടങ്ങൾ ഉൾക്കൊണ്ടു പഠിക്കാൻ ഉതകുന്ന വിധത്തിലുള്ള ഒരു പരിസ്ഥിതി ക്ലബ് സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

❖ സ്കൂൾ പരിസരം കേന്ദ്രീകരിച്ചു നടന്നു വന്ന മദ്യപാനവും ലഹരി വസ്തുക്കളുടെ ഉപയോഗവും പൂർണ്ണമായും ഇല്ലാതാക്കാൻ 'വിമുക്തി' പദ്ധതിയിലൂടെ നമുക്ക് സാധിച്ചു.

❖ പിറന്നാൾ ചോക്കലേറ്റുകൾ പൂർണമായും നിരോധിക്കാനും പകരം പിറന്നാളിന് എന്റെ വക ഒരു പുസ്തകം പദ്ധതി ആവിഷ്കരിക്കാനും കഴിഞ്ഞു.

❖ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര ബോധം ഉൾക്കൊണ്ട പഠിക്കാൻ ഉതകുന്ന വിധത്തിലുള്ള ഒരു ശാസ്ത്ര ക്ലബ്(ലിറ്റൽ സയന്റിസ്റ്) സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. ലൈറ്റിൽസയന്റിസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം സ്കൂളിൽ ഒരു മെഗാ എക്സ്പിരമെന്റ് മേള

സംഘടിപ്പിക്കുകയുണ്ടായി. **കൊച്ചു** കുട്ടികളിൽ **പോലും** വിസ്മയം ജനിപ്പിക്കുന്ന പ്രകടനങ്ങൾ മുതിർന്ന കുട്ടികൾക്ക് മേളയിൽ കാഴ്ചവെക്കാൻ **കഴിഞ്ഞു.**

- വർഷത്തിൽ സ്കൂളിന്റെ **തനതു** പ്രവർത്തനമായി ഏറ്റെടുത്തത് **ഊർജ** സംരക്ഷണ യജ്ഞമാണ്. **ഈ** പ്രൊജക്റ്റ് പൂർണതയിൽ എത്തിക്കാൻ **സ്കൂളിന്** സാധിച്ചു.
- ലൈബ്രറി കൗൺസിൽ **എൽ പി സ്കൂൾ** വിദ്യാർത്ഥികൾക്കായി **നടത്തി വരുന്ന വായന** മത്സരത്തിൽ **വര്**ഷങ്ങളായി **നമ്മുടെ** സ്കൂളിലെ **കുട്ടികൾക്ക്** ജില്ലാതല മത്സരത്തിൽ **പങ്കെടുക്കാൻ കഴിയുന്നു.**

# വിദ്യാലയത്തിലെ അക്കാദമിക അവസ്ഥ

## കുട്ടികളുടെ പഠന നിലവാരം

| | Mal | | | Maths | | | EVS | | | Eng | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | A | B | C | A | B | C | A | B | C | A | B | C |
| IV | 11 | 1 | 3 | 10 | 3 | 2 | 10 | 3 | 2 | 8 | 2 | 5 |
| III | 4 | 1 | | 5 | | | 4 | 1 | | 2 | 2 | 1 |
| II | 7 | 5 | 1 | 7 | 4 | 2 | 6 | 5 | 2 | 7 | 2 | 4 |
| I | 5 | 2 | | 5 | 2 | | 6 | 1 | | 6 | 1 | |

മലയാളത്തിലും പോലുള്ള പരിപാടികൾക്ക് ഭാഷയിൽ പ്രധാനമായും നേരിടുന്ന പ്രശ്നങ്ങളായ അക്ഷരത്തെറ്റ്,അക്ഷരം വിട്ടുപോകാൻ തുടങ്ങിയവ ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കാൻ സാധിച്ചു. നല്ല വായനക്കാരാക്കി മാറ്റാൻ ഓരോ ക്ലാസ്സിലും ഒരുക്കിയിരിക്കുന്ന ക്ലാസ് ലൈബ്രറി സർഗാത്മക രചനയെ പോലും പരിപോഷിപ്പിക്കുവാൻ ഉതകുന്ന രീതിയിലുള്ളതാണ്. അവ ശരിയായ രീതിയിൽ ഉപയോഗിച്ചാൽ രചന പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ ഒരു പരിധി വരെ മുൻനിരയിൽ എത്തിക്കാനാവും. സ്കൂളിൽ ഒരുക്കിയിരിക്കുന്ന ഗണിത ലാബ് അടിസ്ഥാന ഗണിത ശേഷികൾ നേടിയെടുക്കുന്നതിൽ പ്രധാനമായ പങ്കു വഹിക്കുന്നു. ഇന്ന് ഗണിതത്തിൽ കുട്ടികൾ വളരെ നല്ല മുന്നേറ്റമാണ് കാഴ്ചവെക്കുന്നത് . കണ്ടും കേട്ടും അനുഭവിച്ചുമാണ് ഇന്നത്തെ പരിസര പഠന

ക്ലാസ് മുറികൾ നടക്കുന്നത്. അതുകൊണ്ട് തന്നെ കുട്ടിയുടെ മനസ്സിൽ എല്ലാം ആഴത്തിൽ പതിക്കുന്നു.കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷിന് പ്രാധാന്യം നൽകിക്കൊണ്ടാണ് ഇന്നത്തെ ഇംഗ്ലീഷ് ക്ലാസ് മുറികൾ രൂപകല്പനചെയ്തിട്ടുള്ളത്. അതുകൊണ്ട് തന്നെ മുൻപ് പേടിയോടെ കണ്ടിരുന്ന ഇംഗ്ലീഷ് എന്ന വിഷയത്തെ ഒരു കളിപ്പാട്ടം പോലെ കാണാൻ കുട്ടിക്ക് കഴിയുന്നു. കാര്യങ്ങൾ ആശയഗ്രഹണത്തോടെ അവതരിപ്പിക്കാൻ കഴിയുന്നുണ്ടെങ്കിലും അധിക വായനയുടെ കുറവ് അക്ഷരത്തെറ്റ് വരുത്തി വെക്കുന്നു. ക്ലാസ് ലൈബ്രറിയിൽ കുട്ടികളുടെ നിലവാരത്തിന് യോജിച്ച ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടി വിപുലമാക്കിയാൽ ഒരു പരിധി വരെ ഇത് കുറക്കാൻ ആവും.

## വിദ്യാലയത്തിലെ ഐ ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ എം ൽ എ യുടെ ഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടർ സ്കൂളിന് അനുവദിച്ചിരുന്നു. കഴിഞ്ഞവർഷം ശ്രീ.കെ.സുധാകരൻ എം പി യുടെ ഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടർ, ഒരു പ്രൊജക്ടർ, പ്രിൻറർ എന്നിവയും സ്കൂളിന് അനുവദിച്ചു കിട്ടി. ഈ വർഷം ഈ വിദ്യാലയത്തിലെ രണ്ടു പൂർവ വിദ്യാർഥികൾ മൾട്ടി മീഡിയ സ്പീക്കർ സിസ്റ്റം സ്കൂളിന് നൽകുകയുണ്ടായി. ശ്രീമതി ടീച്ചർ എം പി യുടെ ഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടർ കൂടി കഴിഞ്ഞ

വർഷം ലഭിച്ചു. കമ്പ്യൂട്ടർ ഉണ്ടെങ്കിലും അവ ഭംഗിയായി കൈകാര്യം ചെയ്യാൻ പറ്റിയ മുറികൾ ഇല്ലാത്തതിനാൽ പ്രയാസം നേരിടുന്നു.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ -ഡെസ്ക്ടോപ്പ് | 4 | 2 |
| ലാപ്ടോപ്പ് | 1 | 3 |
| പ്രൊജക്ടർ എൽ സി ഡി | 1 | 3 |
| റേഡിയോ | | 1 |
| ടി. വി | | 1 |
| വിക്ടർ ചാനലിന്റെ ലഭ്യത | | 1 |
| ഡി വി ഡി പ്ലയെർ | | 1 |
| ഇന്റർനെറ്റ് കണക്ഷൻ | 1 | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | | 1 |
| ബ്ലോഗ് | | 1 |
| ഇ- മെയിൽ ഐ ഡി | eastlpskottam@gmail.com | |
| സ്മാർട്ട് ക്ലാസ് റൂം | 1 | 4 |
| ഇന്ററാക്ടിവ് വൈറ്റ് ബോർഡ് | | 4 |

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത്. |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | 2 | 1 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | | 1 |
| പെൺകുട്ടികളുടെ പ്രത്യേക ടോയ്‌ലറ്റ് | | 1 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുമുള്ള കുടിവെള്ള സൗകര്യം | | |
| പ്രധാനാധ്യാപിക മുറി. | 1 | |
| ചുറ്റുമതിൽ,ഹരിത വേലി മറ്റു വേലി | | |
| റാമ്പ് വിത്ത് റെയിൽ | 2 | |
| അടുക്കള | 1 | |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ

വിദ്യാലയ പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിനു ഏറ്റവും സഹായിക്കുന്ന ഒന്നായ എസ്.ആർ.ജി ചേർന്ന് പരിപാടികളുടെ ആസൂത്രണം, മുൻപരിപാടികളുടെ അവലോകനം,വിലയിരുത്തൽ എന്നിവ നടത്തുന്നു. എസ് ആർ.ജി.യിൽ മിനുട്സ് രേഖപ്പെടുത്തി അവയ്ക്ക് അനുസരിച്ച പ്രവർത്തനങ്ങൾ നടത്തുന്നു. സജീവമായ പി. ടി. എ , എം.പി.ടി.എ, എല്ലാവിധ പിന്തുണയും നൽകുന്ന എസ്.എസ്.ജി എന്നിവയും നമ്മുടെ വിദ്യാലയത്തിലുണ്ട്. കമ്പ്യൂട്ടർ ലാബ് സൗകര്യം കുറവാണെങ്കിലും ഐ.ടി.പഠനം നല്ല രീതിയിൽ നടത്തി വരുന്നു. സയൻസ് ലാബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്ര പരീക്ഷണങ്ങൾ നടത്തി നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. 800ഓളം പുസ്തകങ്ങൾ സ്കൂളിൽ ഉണ്ട്. സ്വതന്ത്ര്യമായി ഇരുന്നു വായിക്കാനുള്ള സൗകര്യം കുറവാണ്.

സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ലവ് ഇംഗ്ലീഷ് പ്രോഗ്രാം, ലിറ്റിൽ സൈന്റിസ്റ്റ് . മെഗാ ക്വിസ് പ്രോഗ്രാം എന്നി പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി വരുന്നു .

## ലവ് ഇംഗ്ലീഷ് പ്രോഗ്രാം

കുട്ടികളെ ഇംഗ്ലീഷിൽ സംസാരിപ്പിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ ആരംഭിച്ച പദ്ധതിയാണ് ലവ് ഇംഗ്ലീഷ് പ്രോഗ്രാം . എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് ഇംഗ്ലീഷ് പാട്ടും കഥയും കളിയുമൊക്കെയായി കുട്ടിക്കൂട്ടം ഒത്തുകൂടും . കുറച്ചു സംസാരിക്കാനും കൂടുതൽ പ്രതികരിക്കാനും തുടങ്ങി .

## മെഗാ ക്വിസ് പ്രോഗ്രാം

പൊതുവിജ്ഞാനവും പത്രവായനയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ ആരംഭിച്ച പരിപാടിയാണ് മെഗാ ക്വിസ് പ്രോഗ്രാം . ദിവസേനെ നൽകുന്ന അഞ്ചു ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം കണ്ടെത്തുന്നു . ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുന്നു . ഓരോ മാസവും നടക്കുന്ന മെഗാ ക്വിസ് പ്രോഗ്രാമിൽ കുട്ടികൾ പങ്കെടുക്കുന്നു . വിജയിയെ കണ്ടെത്തുന്നു .. നിരവധി കുട്ടികൾ വാശിയോടെ പൊരുതുന്നു .മികച്ച ഒരു പ്രവർത്തനമായി മെഗാ ക്വിസ് മാറി . മാർച്ചിൽ അമ്മമാർക്കു നടക്കുന്ന ക്വിസ് മത്സരത്തോടെ പരിപാടി അവസാനിക്കും .

# ലിറ്റിൽ സൈന്റിസ്റ്റ്

കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ സൈന്റിസ്റ്റ് . കുട്ടി ക്വിസ് , ശാസ്ത്രകാരന്മാരെ അറിയാം , എക്സ്പിരിമെന്റസ് , നിരീക്ഷണം എന്നിവയാണ് പ്രധാനമായും ലിറ്റിൽ സൈന്റിസ്റ്റിൽ നടക്കുന്നത് . എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്കാണ് നടത്തുന്നത് .

# സാമൂഹിക പങ്കാളിത്തം

കുട്ടി വീട്ടിൽ നിന്നും വിദ്യാലയത്തിൽ നിന്നും പഠിക്കുന്ന അറിവ് സാമൂഹിക നന്മയിലേക്ക് ഉള്ളതാവണം. കുട്ടിക്ക് പഠനത്തിന് അനുകൂലമായ അന്തരീക്ഷം സ്കൂളിൽ ഒരുക്കാൻ ഉതകുന്ന സജീവമായൊരു പി.ടി.എ.സ്കൂളിനുണ്ട്. കുട്ടികളുടെ പഠന കാര്യത്തിലെന്നപോലെ പഠ്യേതര മേഖലകളിലും പി.ടി.എ യുടെ സഹായം ഉണ്ടാകാറുണ്ട്. അമ്മമാരുടെ കൂട്ടായ്മ ഉറപ്പു വരുത്തുന്നതിനായി സ്കൂളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ പഠനം നടത്തിയിരുന്നു.

സമൂഹ നന്മയ്ക്ക് കുട്ടിയുടെ കൈത്താങ്ങായി വർത്തിക്കുന്ന നിരവധി പ്രവർത്തനങ്ങളാണ് ഈ വർഷം സ്കൂളിൽ നടത്തിയിരുന്നത്.

- നാളേക്കിത്തിരി ഊർജ്ജം
- വൃക്ഷതൈകൾ നട്ടു പരിപാലിക്കാൻ
- നെൽകൃഷി
- പിറന്നാളിന് എന്റെ വക ഒരു പുസ്തകം
- വിമുക്തി(മദ്യത്തിനും മയക്കുമരുന്നിനും എതിരെ)
- ചന്ദനത്തിരി നിർമ്മാണം
- ഒരുമ(ഓണം,ക്രിസ്സ്മസ്സ്,റംസാൻ)

- മുഖ്യമന്ത്രിക്ക് ഒരു നിവേദനം,
- വ്യക്തിത്വ വികസന ക്ലാസുകൾ
- ചെസ്സ് പരിശീലനം
- സൈക്ലിംഗ് പരിശീലനം
- യോഗ പരിശീലനം

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

## ശക്തി (Strength)

ഒത്തൊരുമയോടെ ആത്മാർഥമായി പ്രവർത്തിക്കുന്ന അധ്യാപകർ

എല്ലാ പിന്തുണയും സഹായവും നൽകുന്ന സ്കൂൾ പി ടി എ

യാത്രാസൗകര്യം, സ്കൂളിൽ എത്തിച്ചേരാൻ എളുപ്പം

## പരിമിതികൾ (Weakness)

പരിപാടികളുടെ ബാഹുല്യം, സമയക്കുറവ്

## സാദ്ധ്യതകൾ (Opportunity)

പൂർവ വിദ്യാർഥികൾ വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നേടിയവർ

വ്യത്യസ്ത മേഖലകളിൽ പരിചയ സമ്പന്നമായ എസ്. എസ്.ജി അംഗങ്ങൾ

കമ്പ്യൂട്ടർ നന്നായി ചെയ്യുന്നവരുടെ സേവനം.

കവിതാലാപനം,ചിത്രം വര, എന്നിവയിൽ പ്രാവീണ്യമുള്ള പൂർവ വിദ്യാർഥികൾ

## ഭീഷണി (Treat)

ഇംഗ്ലീഷ് പഠനത്തോടുള്ള അമിത താല്പര്യം

സ്കൂളിൽ കുട്ടികളുടെ കുറവ്

# വിദ്യാലയ വികസന കാഴ്ചപ്പാട്

# (Vision Statement)

- കുട്ടികൾ നിറഞ്ഞ ക്ലാസ് മുറിയും ഹരിതാഭമായ ചുറ്റുപാടും
- നാലാം ക്ലാസ്സിൽ നിന്നും പുറത്തു പോകുന്ന മുഴുവൻ കുട്ടികളും ഇംഗ്ലീഷ്, മലയാളം ഭാഷകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാനും, എഴുതുവാനും പ്രാപ്തരാക്കണം.കൂടാതെ അടിസ്ഥാന ഗണിത ശേഷികൾ നേടിയവരും ആയിരിക്കണം.
- അന്തർലീനമായിക്കിടക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിച്ച മടികൂടാതെ പ്രകടിപ്പിക്കാൻ പ്രാപ്തരാക്കണം.
- ശാസ്ത്രീയ ചിന്ത കുട്ടികളിൽ വളർത്തി വസ്തുതകളെ ശാസ്ത്രീയമായി കാണാനും പരീക്ഷണനിരീക്ഷണങ്ങളിലൂടെ അപഗ്രഥിച്ച നിഗമനത്തിലെത്താനും കഴിവുള്ളവരാക്കണം.
- കവിതകൾ ഹൃദിസ്ഥമാക്കുന്നതിനും ആസ്വദിക്കുന്നതിനും കുട്ടിയെ പ്രാപ്തരാക്കണം.
- സ്വതന്ത്ര്യവും ഏകാഗ്രവുമായ വായനയ്ക്ക് സൗകര്യം ഉണ്ടാക്കണം. ഐ ടി പഠനം മെച്ചപ്പെടുത്താൻ പറ്റിയ കമ്പ്യൂട്ടർ ലാബുകൾ വേണം.
- അമ്മമാർക്ക് കമ്പ്യൂട്ടർ പഠനം സാധ്യമാക്കുകയും കുട്ടിയുടെ ഹോംവർക്കുകൾ ഓൺലൈനായി അമ്മമാരേ അറിയിക്കാനും പറ്റണം.
- ഇംഗ്ലീഷ് പഠനത്തിൽ പെർഫോമൻസിനുള്ള അവസരം ഒരുക്കണം.

| NO | പരിപാടി | പ്രവർത്തനം | സമയ പരിധി | ഭൗതികം | ധനകാര്യ വിശകലനം | പിന്തുണ |
|---|---|---|---|---|---|---|
| 1 | വായിക്കാം വളരാം (വായന വസന്തം) | ക്ലാസ് ലൈബ്രറി നവീകരണം<br>ഒരുക്കൽ<br>വായനമൂല<br>റീഡിങ് കാർഡ് നിർമ്മാണം<br>കഥചാർട്ട് നിർമ്മാണം<br>വായന മത്സരം<br>പത്ര വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ലൈബ്രറി<br>പത്രങ്ങൾ<br>കഥ പുസ്തകങ്ങൾ<br>വായന മുറി | 15000 | ബി ആർ സി<br>പി ടി എ<br>ക്ലബ്<br>ഗ്രന്ഥശാലകൾ |

| | | | | | | |
|---|---|---|---|---|---|---|
| 2 | പിന്നോക്കാവസ്ഥ പരിഹരിക്കാൻ | ലൈബ്രറി സന്ദർശനം<br>'അമ്മ വായന<br>മെഗാ ക്വിസ് പ്രോഗ്രാം<br>പ്രീ-ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കാൻ അക്ഷരക്കിറ്റ്<br>അക്ഷര ചിത്രങ്ങൾ<br>പ്രത്യേകം ക്ലാസുകൾ<br>കത്തുകൾ യോജിപ്പിക്കൽ<br>മലയാളത്തിളക്കം<br>പോസ്റ്റ് ടെസ്റ്റ് | ജൂലൈ മുതൽ ആഗസ്റ്റ് വരെ | അക്ഷരകിറ്റ് CD | 5000 | ബി ആർ സി പി ടി എ |
| 3 | HELLO ENGLISH | English club Formation<br>Picture card<br>Word card<br>Reading card presentation<br>English assembly<br>Listening TV news, Radio news, Announcement<br>Word web, Word chain<br>A word for a day<br>My Experience<br>Journey description<br>English Magazine<br>English skit<br>Games<br>English walk<br>My dictionary<br>English camp<br>English fest | June to March | Pictures CD | 40000 | Teachers Innovative trainers |

| | | | | | | |
|---|---|---|---|---|---|---|
| | | English Debat with a famous person | | | | |
| 4 | രാഷ്ട്ര ഭാഷയെ അറിയാൻ (ഹിന്ദി ഡേ ) | അക്ഷരങ്ങൾ പരിചയപ്പെടുത്തൽ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ഫെബ്രുവരി | ചിത്രങ്ങൾ അക്ഷരങ്ങൾ | 2000 | ഹിന്ദി വിഭാഗം അധ്യാപകരും കുട്ടികളും |
| 5 | ഞങ്ങൾക്കും വേണം ഇ-മെയിൽ | കമ്പ്യൂട്ടർ പരിചയപ്പെടുത്തൽ കമ്പ്യൂട്ടർ പഠന പാക്കേജ് ഇന്റർനെറ്റ് പരിചയം ഇ-മെയിൽ നിർമ്മാണം മിനി തിയേറ്റർ | ജനുവരി മുതൽ മാർച്ച് വരെ | കമ്പ്യൂട്ടർ ഇന്റർനെറ്റ് | 300000 | ക്ലാസ് അധ്യാപകർ |
| 6 | ഞങ്ങളുടെ കൊച്ചു ഭാവനകൾ | കൈഎഴുത്തുമാസിക വിദ്യാലയ പത്രം (സ്പന്ദനം) | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ | 3000 | അധ്യാപകരും കുട്ടികളും പി ടി എ |
| 7 | പഠന യാത്രകൾ | വായനശാല കന്നിനെ അറിയാൻ പുഴയും കുളങ്ങളും തപാൽ ഓഫീസ സ്മാരകങ്ങൾ കൃഷിപ്പാടങ്ങൾ കാവുകൾ കണ്ടൽ പാർക്കുകൾ | ജൂൺ മുതൽ മാർച്ച് വരെ | | 15000 | അധ്യാപകരും കുട്ടികളും പി ടി എ |
| 8 | ശാസ്ത്രലോകത്തേക്ക് | പരീക്ഷണങ്ങൾ വാനനിരീക്ഷണ ക്യാമ്പ് സയൻസ് പാർക്ക് സന്ദർശനം ക്ലാസ് ലാബ് ശാസ്ത്ര ലാബ് | ജൂലൈ | | 5000 | അധ്യാപകരും കുട്ടികളും പി ടി എ |

| | | | | | | |
|---|---|---|---|---|---|---|
| | | ശാസ്ത്ര നടത്തം | | | | |
| 9 | പരിസരത്തെ അറിയാൻ പരിസര പഠനം | വൃക്ഷ സെൻസസ്<br>വൃക്ഷതൈ വിതരണം<br>കുടിവെള്ള സർവേ<br>നാട്ടുമാവ് സെൻസസ്<br>മാവിൻ തൈ വിതരണം<br>ഊർജ്ജ സംരക്ഷണ സർവേ<br>ശുചിത്വ സർവേ<br>ഫീൽഡ് ട്രിപ്പ്<br>പൂന്തോട്ട നിർമ്മാണം<br>പച്ചക്കറി കൃഷി<br>പച്ചക്കറിവിത്ത് വിതരണം<br>നെൽകൃഷി<br>പ്രൊജെക്ടുകൾ ശേഖരണം | ജൂൺ മുതൽ മാർച്ച് വരെ | സ്ഥലം<br>വിത്തുകൾ<br>വൃക്ഷതൈകൾ<br>നിവേദനം<br>അഭ്യർത്ഥന കത്ത്<br>സർവേ ഫോം | 20000 | പി ടി എ<br>എൻ. എസ്.എസ് യൂണിറ്റ് |
| 10 | ഗണിതം മധുരം | ഗണിത ക്ലബ് രൂപീകരണം<br>കുസൃതി കണക്ക്<br>ഗണിത ക്വിസ്<br>ഗണിത കളികളിലൂടെ രൂപങ്ങൾ നിർമ്മിക്കാൻ<br>ഗണിത നടത്തം<br>ഗണിത സ്റ്റാളിലേക്ക്<br>സത്യസന്ധത കട<br>ഗണിത സഞ്ചി<br>ഗണിത ലാബ് | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ലാബ് സാമഗ്രികൾ | 20000 | അധ്യാപകരും കുട്ടികളും |
| 11 | കലാകായിക വിദ്യാഭ്യാസം ഞങ്ങളുടെ ആവശ്യം | പാട്ടുകൾ<br>കഥകൾ<br>ബാലസഭ<br>മാസ് പി.ടി.<br>ചെസ്സ് പരിശീലനം,<br>നാടൻ പാട്ടുകൾ<br>സ്പോർട്സ് ഡേ<br>സൈക്ലിംഗ് | ഓഗസ്റ്റ് മുതൽ നവംബർ വരെ | | 5000 | അധ്യാപകരും കുട്ടികളും |

| | | | | | | |
|---|---|---|---|---|---|---|
| | | പരിശീലനം, യോഗ പരിശീലനം<br>കരാട്ടെ പരിശീലനം | | | | |
| 12 | ദിനങ്ങളെ അറിയാൻ | സ്വാതന്ത്ര്യ ദിന റാലി<br>ക്വിസ്<br>ഗാന്ധി ഫോട്ടോ പ്രദർശനം<br>പതാക നിർമ്മാണം<br>ബഷീർ കഥാപാത്രങ്ങളിലൂടെ<br>വിദ്യാലയ ജനസംഖ്യ<br>ഓണാഘോഷം<br>ക്രിസ്സ്മസ്സ് ട്രി, പുൽക്കൂട് നിർമ്മാണം<br>റിപ്പബ്ലിക് ഡേ<br>ശിശുദിനം<br>അധ്യാപക ദിനം<br>പരിസ്ഥിതി ദിനം | ജൂൺ മുതൽ മാർച്ച് വരെ | ഔട്ട് ലൈൻ മാപ്പുകൾ , ചിത്രങ്ങൾ പ്രദർശന സാമഗ്രികൾ, പുസ്തകങ്ങൾ | 15000 | അധ്യാപകരും കുട്ടികളും പി ടി എ SSG |
| 13 | സഹവാസ ക്യാമ്പുകൾ | ശാസ്ത്രകേളി<br>ഗണിതാഭിരുചി<br>അഭിനയ കളരി<br>ഒറിഗാമി<br>ചിത്ര കല<br>സ്കിറ്റ്<br>ക്രിയേറ്റീവ് ഡ്രാമ<br>പരീക്ഷണങ്ങൾ | ഡിസംബർ | | 30000 | അധ്യാപകരും കുട്ടികളും പി ടി എ SSG |
| 14 | അഭിമുഖം | തെയ്യം കലാകാരൻ<br>ഔഷധ സസ്യം<br>നാട്ടു വൈദ്യം<br>കഥാകൃത്ത്<br>റോഡ് സേഫ്റ്റി<br>ആരോഗ്യം<br>പാരന്റ് ഓറിയന്റേഷൻ | ജൂൺ മുതൽ മാർച്ച് വരെ | വിശിഷ്ട വ്യക്തികൾ | 10000 | അധ്യാപകരും കുട്ടികളും പി ടി എ SSG |

| | | | | | | |
|---|---|---|---|---|---|---|
| 15 | സാന്ത്വനം | അശരണർക്ക് കൈത്താങ്ങ് സാന്ത്വന കേന്ദ്രങ്ങളിൽ സന്ദർശനം | ഡിസംബർ | | 10000 | അധ്യാപകരും കുട്ടികളും പി ടി എ SSG |

# ലക്ഷ്യങ്ങൾ

- എല്ലാവരെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക
- ക്ലാസ് ലൈബ്രറി സജ്ജീകരണം
- അമ്മമാരുടെ വായന ശാക്തീകരണം എല്ലാവര്ക്കും ഗ്രന്ഥശാല അംഗത്വം
- രാഷ്ട്രഭാഷയെ അറിയുക
- ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക
- പഠനത്തിൽ കമ്പ്യൂട്ടറിന്റെ കാര്യക്ഷമമായ ഉപയോഗം
- യുക്തി ചിന്തയിലൂടെ ഗണിതം ആനന്ദകരകമാക്കുക
- പ്രായോഗിക ജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം തിരിച്ചറിയുക
- കല-കായിക ശാസ്ത്ര മേഖലകളിൽ കുട്ടികളെ പ്രാപ്തരാക്കുക
- ശാസ്ത്രാഭിരുചി വളർത്തുക
- പരീക്ഷണങ്ങളുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക
- പ്രകൃതി സംരക്ഷണ മനോഭാവം വളർത്തുക

. . . . . . . . . . . . . . . . . . . . . . . .

# THANK YOU